LIBRARY ARCHIVES Kerala Legislative Assembly

മത്സ്യ സംസ്കരണത്തിന് ശീതീകരണ സംവിധാനം

9 (*489) ശ്രീ. കെ. വി. സുമേഷ്:

ശ്രീ. കടകംപള്ളി സുരേന്ദ്രൻ:

ശ്രീ. കെ. ജെ. മാക്സി:

ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) കടൽ മത്സ്യബന്ധനം വഴി ലഭിക്കുന്ന മത്സ്യത്തിന്റെ അഞ്ചിലൊന്ന് ഭാഗത്തോളം ശീതീകരണ സംഭരണ സംവിധാനത്തിന്റെ അപര്യാപ്തതകൊണ്ട് ഉപയോഗശൂന്യമാകുന്നുവെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനായുള്ള പരിഹാരമാർഗ്ഗം പരിശോധിച്ചിട്ടുണ്ടോ;

(ബി) മത്സ്യബന്ധനം മുതൽ ഉപഭോക്താക്കളിലെത്തുന്നത് വരെയുള്ള കോൾഡ് ചെയിൻ സംവിധാനം രൂപീകരിച്ചിട്ടുണ്ടോ;

&

(സി) കേടാകാത്തതും രാസവസ്തുക്കൾ ചേർക്കാത്തതുമായ ഉയർന്ന ഗുണനിലവാരമുള്ള മത്സ്യോത്പന്നങ്ങൾ ഉപഭോക്താക്കളിലെത്തിക്കുന്നതിന് ഹൈജീനിക് റഫ്രിജറേഷൻ മൊബൈൽ ഫിഷ് വെൻഡിംഗ് കിയോസ്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

(എ-സി) ഉണ്ട്.

(ഡി) മത്സ്യവിപണന രംഗത്ത് ശുചിത്വവും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന് മത്സ്യമാർക്കറ്റുകൾ ആധുനീകരിക്കാനുള്ള പ്രവർത്തനത്തെക്കുറിച്ച് അറിയിക്കാമോ?

മത്സ്യവിപണനരംഗത്ത് ശുചിത്വവും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന് മത്സ്യമാർക്കറ്റുകൾ ആധുനീകരിക്കാനുള്ള പ്രവർത്തനങ്ങൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ് തുടങ്ങിയ ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് ഗുണമേൻമയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിനായി തീരദേശ വികസന കോർപ്പറേഷൻ മുഖേന മത്സ്യമാർക്കറ്റുകൾ നിർമ്മിച്ചുവരുന്നു. ഇതിനോടകം തന്നെ കേന്ദ്ര/സംസ്ഥാന സർക്കാർ ധനസഹായത്തോടെ 39 ആധുനിക മത്സ്യമാർക്കറ്റുകൾ സംസ്ഥാനത്ത് സ്ഥാപിച്ചുകഴിഞ്ഞു. കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്ത് 63.51 കോടി

രൂപയുടെ 25 മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് ആദ്യ ഘട്ടമായി അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിനുപുറമെ 26 മത്സ്യമാർക്കറ്റുകൾക്കുകൂടി കിഫ്ബിയുടെ അംഗീകാരം 7-8-2021-ന് ലഭിച്ചിട്ടുണ്ട്. മത്സ്യഫെഡ് മുഖേന ആലപ്പുഴ ജില്ലയിലെ അരൂരിലും കൊല്ലം ജില്ലയിലെ ഓച്ചിറയിലും ആധുനിക മത്സ്യ മാർക്കറ്റുകൾ പ്രവർത്തിച്ചുവരുന്നു.

ജനവാസ മേഖലകളിലെ വന്യജീവി ആക്രമണം

10 (*490) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനഭൂമിയോട് ചേർന്ന ജനവാസ മേഖലകളിൽ വന്യജീവികൾ സൈരവിഹാരം നടത്തുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ജനവാസ മേഖലകളിൽ വന്യജീവികൾ വർദ്ധിച്ച തോതിൽ എത്തിച്ചേരുന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനത്തോട് ചേർന്നുള്ള ചില ജനവാസ മേഖലകളിലേയ്ക്ക് വന്യജീവികൾ എത്തിപ്പെടുന്നതുമൂലം മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചുവരുന്നുണ്ട്.

(ബി) എങ്കിൽ ഇപ്രകാരം ഉണ്ടാകുന്ന വന്യജീവി ആക്രമണം തടയുന്നതിനും ജനങ്ങളുടെ സുസ്ഥിര ജീവിതത്തിനും വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

വന്യജീവി ആക്രമണം തടയുന്നതിനായി താഴെ പറയുന്ന പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേയ്ക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം / താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു. പ്രശ്നക്കാരായ ആനകളെ റേഡിയോ

LIBRARY ARCHIVES Kerala Legislative Assembly